ഉത്തരം

(എ) വെട്ടിക്കുറവ് വരുത്തിയിട്ടില്ല. കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്നതിനനുസരിച്ച് ഗുണഭോക്താക്കൾക്ക് റേഷൻ വിഹിതം നല്കിവരുന്നുണ്ട്.

(ബി) നിലവിൽ ബി.പി.എൽ. കാർഡുടമകൾക്ക് 25 കിലോഗ്രാം അരിയും 7 കിലോഗ്രാം ഗോതമ്പും എ.പി.എൽ. കാർഡുടമകൾക്ക് 9 കിലോഗ്രാം അരിയും 2 കിലോഗ്രാം ഗോതമ്പും, എ.എ.വൈ. വിഭാഗത്തിൽപ്പെട്ടവർക്ക് 35 കിലോഗ്രാം അരിയും അന്നപൂർണ്ണ കാർഡുടമകൾക്ക് പ്രതിമാസം 10 കിലോഗ്രാം അരിയും, ബി.പി.എൽ./എ.എ.വൈ. വിഭാഗത്തിലെ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാരയും നൽകിവരുന്നുണ്ട്.

(സി) വെട്ടിക്കുറവ് വരുത്തിയിട്ടില്ല.

(ഡി) കേന്ദ്രത്തിൽ നിന്ന് അനുവദിക്കുന്ന റേഷൻ വിഹിതം വിട്ടെടുപ്പിൽ വീഴ്ചയുണ്ടായിട്ടില്ല. ഇതുമൂലം റേഷൻ വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയിട്ടില്ല.

മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾ

250 (1334) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും മന്ത്രിസ്നേഹപൂർവം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകൾ വഴി എന്തൊക്കെ സാധനങ്ങളാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്;

(ബി) ഇതിൽ ഏതെല്ലാം സാധനങ്ങളുടെ സബ്സിഡിയാണ് ഇപ്പോൾ നിർത്തലാക്കിയിട്ടുള്ളത്

(സി) നിർത്തലാക്കിയ സബ്സിഡികൾ പുനഃസ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് മാർക്കറ്റിടപെടൽ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്ന ചെറുപയർ, ഉഴുന്ന് പരിപ്പ്, വൻകടല, വൻപയർ, തുവരപ്പരിപ്പ്, മുളക്, മല്ലി, പഞ്ചസാര, പച്ചരി, കുറുവ അരി, മട്ട അരി, ജയ അരി, വെളിച്ചെണ്ണ എന്നീ 13 ഇനം അവശ്യ സാധനങ്ങളും കൂടാതെ

LIBRARY ARCHIVES Kerala Legislative Assembly

FMCG ഉൽപ്പന്നങ്ങളും PDS ആട്ട, തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, ഇടങ്ങിയ ശബരി ബ്രാന്റ് ഉൽപ്പന്നങ്ങളും മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നു.

(ബി) സപ്ലൈകോ വിൽപ്പനശാലകളിൽ നിലവിൽ വിൽപ്പന കുറവുള്ള കടുക്, ജീരകം, ഉഴുന്ന്, പിളർന്നത്, പീസ് പരിപ്പ്, മൊരിയൻ അരി എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ നിന്നും ഒഴിവാക്കി ജനങ്ങൾക്ക് കൂടുതലായി ആവശ്യമുള്ള പൊന്നരി, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ ഉൾപ്പെടുത്തി 6-7-2012-ൽ സബ്സിഡി സാധനങ്ങൾ പുനർ നിർണ്ണയിച്ചിരുന്നു. 13 ഇനം സാധനങ്ങൾ സബ്സിഡി നിരക്കിൽ ഇപ്പോൾ വിൽപ്പന നടത്തുന്നുണ്ട്.

(സി) ബാധകമല്ല.

നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം

251 (1335) ശ്രീമതി ജമീലാ പ്രകാശം :

ശ്രീ. സി. കെ. നാണു :

ശ്രീ. മാത്യു ടി. തോമസ് :

ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ഭക്ഷ്യോൽപ്പന്നങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും മുഖാന്തരം വിൽക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം സംബന്ധിച്ച് എന്തെങ്കിലും ചട്ടങ്ങളോ മാനദണ്ഡങ്ങളോ നിലവിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) നിത്യോപയോഗ സാധനങ്ങളായി കണക്കാക്കിയിട്ടുള്ള 13 ഇനങ്ങൾക്ക് 2009-ൽ ഈടാക്കിയിരുന്ന വിലയെ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഇവയ്ക്ക് 2011 മാർച്ചിൽ ഈടാക്കിയിരുന്ന വിലയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഇവയ്ക്ക് ഇപ്പോൾ ഈടാക്കുന്ന വിലയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) 2011 മാർച്ചിനും 2015 നവംബറിനും ഇടയ്ക്ക് എത്ര തവണ ഇവയുടെ വില വർദ്ധിപ്പിച്ചിട്ടുണ്ട്;

(എഫ്) ഈ വില വർദ്ധന സംബന്ധിച്ച വിശദാംശങ്ങളും അവയ്ക്ക് സ്വീകരിച്ച മാനദണ്ഡങ്ങളും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly